പതിനാലാം കേരള നിയമസഭ
പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 285** **28/01/2019 ൽ മറുപടിയ്ക്ക്**

## അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലെ ഒഴിവുകൾ

| | ചോദ്യം<br>ശ്രീ.പി.കെ.അബ്ദു റബ്ബ് | | മറുപടി<br>ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ആരോഗ്യവകുപ്പിൽ എന്റമോളജി, ഫൈലേറിയ വിഭാഗത്തിൽ അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിൽ ഒഴിവുകൾ ഉണ്ടോ; ഉണ്ടെങ്കിൽ ടി തസ്തിക എന്നുമുതൽ ഒഴിഞ്ഞു കിടക്കുന്നു എന്ന് വ്യക്തമാക്കാമോ; | (എ) | ഉണ്ട്. അസിസ്റ്റന്റ് ഡയറക്ടർ (എന്റമോളജി) തസ്തിക 01/07/2014 മുതലും അസിസ്റ്റന്റ് ഡയറക്ടർ (ഫൈലേറിയ) തസ്തിക 01/08/2018 മുതലും ഒഴിഞ്ഞുകിടക്കുന്നു. |
| (ബി) | ടി തസ്തികയിൽ നിയമനം നടത്തുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചു എന്ന് വിശദമാക്കാമോ; | (ബി) | ടി തസ്തികകളിലേയ്ക്ക് നിയമനം നടത്തുന്നതിനായി 3/04/2018 ൽ വകുപ്പുതല പ്രൊമോഷൻ കമ്മിറ്റി കൂടി സെലക്ട് ലിസ്റ്റ് തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്. സെലക്റ്റ് ലിസ്റ്റിൽ ഒന്നാമതായി ഉൾപ്പെട്ട ശ്രീ.വി.സന്തോഷ് കുമാർ, സീനിയർ ബയോളജിസ്റ്റിന് ആദ്യം ഒഴിവുവന്ന അസിസ്റ്റന്റ് ഡയറക്ടർ (എന്റമോളജി) തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകണമെന്ന ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ സ്ഥാനക്കയറ്റം നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ കോടതിയിൽ നിന്നും സ്റ്റേ ഉത്തരവ് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ സ്ഥാനക്കയറ്റം നൽകിയ ഉത്തരവ് റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. |
| (സി) | നിലവിലുള്ള സർക്കാർ ഉത്തരവ് പ്രകാരം അസിസ്റ്റന്റ് ഡയറക്ടർ (എന്റമോളജി) തസ്തികയിൽ ജില്ലാ മലേറിയ ഓഫീസറിനാണോ അതോ ബയോളജിസ്റ്റിനാണോ നിയമനം നൽകേണ്ടത് എന്ന് വിശദമാക്കുമോ; | (സി) | അസിസ്റ്റന്റ് ഡയറക്ടർ (എന്റമോളജി) തസ്തികയിൽ ഇപ്പോൾ നിലവിലുള്ള ഒഴിവ് നിലവിൽ വന്നത് 1.7.2014 ൽ ആണ്. ഈ സമയത്ത് സീനിയർ ബയോളജിസ്റ്റ് മാത്രമാണ് അസിസ്റ്റന്റ് ഡയറക്ടർ (എന്റമോളജി) തസ്തികയുടെ ഫീഡർ കാറ്റഗറിയിൽ ഉൾപ്പെട്ടിരുന്നത്. 18.02.2017 ലെ സ.ഉ(കൈ) നമ്പർ 27/2017/ആ.കു.വ |

| | | | |
|---|---|---|---|
| | | | നമ്പർ ഉത്തരവ് പ്രകാരമാണ് ഹയർ ഗ്രേഡ് ജില്ലാ മലേറിയ ആഫീസർ തസ്തികയെ അസിസ്റ്റന്റ് ഡയറക്ടർ (എന്റമോളജി / ഫൈലേറിയ) തസ്തികയുടെ ഫീഡർ കാറ്റഗറിയിൽ ഉൾപ്പെടുത്തിയത്. ഇതിൻപ്രകാരം 18.2.2017 ന് ശേഷം വരുന്ന ഒഴിവിലേക്ക് മാത്രമേ ഹയർ ഗ്രേഡ് ജില്ലാ മലേറിയ ആഫീസർ തസ്തികയിൽ ഉള്ളവരെ പരിഗണിക്കാൻ കഴിയുകയുള്ളൂ. 1.7.2014 മുതൽ ഒഴിഞ്ഞ് കിടക്കുന്ന നിലവിലുള്ള അസിസ്റ്റന്റ് ഡയറക്ടർ (എന്റമോളജി) തസ്തികയിലെ ഒഴിവിലേക്ക് സീനിയർ ബയോളജിസ്റ്റിനാണ് നിയമനം നൽകേണ്ടത്. |
| (ഡി) | ടി തസ്തികയിൽ നിയമനം നടത്തുന്നതിനെതിരെ കോടതിയിൽ കേസുകൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം ലഭ്യമാക്കുമോ? | | ഉണ്ട്. ശ്രീ.എം.എസ്.ശശി, ജില്ലാ മലേറിയ ഓഫീസർ(ഹയർഗ്രേഡ്) ഫയൽ ചെയ്ത OA(EKM) 1607/2017 നമ്പർ കേസ് നിലവിലുണ്ട്. ടി കേസിന്മേൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പുറപ്പെടുവിച്ചിട്ടുള്ള സ്റ്റേ ഓർഡർ 09/10/2018 ലെ ഇടക്കാല ഉത്തരവ് പ്രകാരം ഒരുമാസത്തേയ്ക്ക് ദീർഘിപ്പിച്ചിരുന്നു. |

സെക്ഷൻ ഓഫീസർ